# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6870** 13/07/2012 ൽ മറുപടിക്ക്

**"ഹോംകോ" യുടെ പ്രവർത്തനങ്ങൾ**

**ചോദ്യം** **മറുപടി**

**ശ്രീ. എ. പ്രദീപ്കുമാർ**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഹോമിയോപ്പതി ചികിത്സയുടെ വ്യാപനത്തിന് ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | പാർശ്വഫലമില്ലാത്ത ചികിത്സാ സമ്പ്രദായം എന്ന നിലയിൽ ആവശ്യമുള്ള സഹായം നൽകുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്ക് ചികിത്സ ലഭിക്കുന്നതിന് ആവശ്യമായ മരുന്നും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ ആശുപത്രികളിലും സ്പെഷ്യൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | "ഹോംകോ" യുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സർക്കാർ ഹോമിയോ ആശുപത്രിയ്ക്ക് ആവശ്യമായ മരുന്നിന്റെ എത്ര ശതമാനമാണ് ഉൽപ്പാദിപ്പിക്കുന്നത്; | (സി) | സർക്കാർ ഹോമിയോ ആശുപത്രിയ്ക്ക് ആവശ്യമായ മുഴുവൻ ഹോമിയോ മരുന്നുകളും ഹോംകോയാണ് വിതരണം ചെയ്തു വരുന്നത്. |
| (ഡി) | "ഹോംകോ"യുടെ മരുന്നുല്പാദന വിതരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ഹോംകോയുടെ ഔഷധ നിർമ്മാണ ശേഷി വർദ്ധിപ്പിക്കുന്നതിനായി 1969.50 ലക്ഷം രൂപയുടെ രണ്ടാംഘട്ട വികസന പരിപാടിക്ക് 25/03/2010 ലെ സ.ഉ (സാധാ) 1106/2010/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ